# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2393

08.05.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുറത്തിറക്കിയ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകളും (DPR) തയ്യാറാക്കി വരുന്നു. പദ്ധതി നിർവ്വഹണത്തിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 37 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി 'കിഫ്ബി'യുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവരുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കൂടാതെ ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി |

വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അടിസ്ഥാനസൗകര്യ വികസനത്തിനായി നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി ഈ അധ്യയന വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന കർമ്മ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 40 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുക, കൂടാതെ ടി സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കുക, സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ 'ജൈവ വൈവിദ്ധ്യ ഉദ്യാനം' സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാലോചിതമായ വികസനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനും വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ അദ്ധ്യാപക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ